بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 17/04/2015

**(27 JAMADUL AAKHIR 1436 Hijiri)**

**Hazrat Khalifathullah Munir Ahmad Azim (A)**

## MORALITY & VALUES / ധാർമ്മികതയും ആന്തരിക മൂല്യങ്ങളും

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, കഴിഞ്ഞ ആഴ്ച എനിക്ക് ലഭിച്ച **"പന്നി"** സംബന്ധമായ പല ചോദ്യങ്ങൾക്കും ഉത്തരം നൽകികഴിഞ്ഞു. ബാക്കിയുള്ള ചോദ്യങ്ങൾക്കും, അതുമായി ബന്ധപ്പെട്ട മറ്റുചില കാര്യങ്ങളിലേക്കും വെളിച്ചം വീശുകയാണ്. ഇത്തരം മൃഗത്തിന്റെ മാംസ്യ ഭോജനത്തിലൂടെ മുളച്ചുവരുന്ന അധാർമ്മിക വശം കൂടി തുറന്നു കാട്ടുകയാണ്.

ഒന്നാമതായി, നാം മനസ്സിലാക്കേണ്ട ഒരു സത്യം, മനുഷ്യനെ രൂപപ്പെടുത്തിയിരിക്കുന്നത് ശരീരം, മനസ്സ്, ആത്മാവ് എന്നിവയിലാണ് എന്നതാണ്. തലച്ചോറ് അഥവാ ബുദ്ധി കേന്ദ്രം മനസ്സിന്റെ ഇരിപ്പിടമാണ്. ചിന്തകളുടെയും വിചാരവികാരങ്ങളുടെയും മറ്റു മനശാസ്ത്രപരമായ സംഗതികളുടെയും ഇരിപ്പിടമാകുന്നു തലച്ചോറ്. അത് ശരീരത്തിന്റെ ഒരു ഭാഗവുമാണ്. ശരീര ഭാഗമെന്ന നിലയിൽ അതിനാവശ്യമായ ആഹാരം അത് സ്വീകരിക്കുകയും ചെയ്യുന്നു. ഏത് സമയത്തും, നമ്മുടെ ശരീരത്തിലെ ആയിരക്കണക്കിന് കോശങ്ങളുടെ കുറവുകൾ സംഭവിക്കാം. കാരണം ശരീരത്തിലെ സങ്കീർണമായ മെഷീനറിയുടെ പ്രവർത്തനത്തിന് ഈ കോശങ്ങളെ ഉപയോഗപ്പെടുത്തുകയാണ്. ഇപ്രകാരം നഷ്ടപ്പെടുന്ന കോശങ്ങൾക്ക് പകരം ആഹാരത്തിലൂടെയാണ് പ്രതിവിധി കണ്ടെത്തുന്നത്. ആഹാര ഘടകങ്ങൾ ശരീരത്തിന്റെ ഭാഗമായി മാറുന്നു; അതിലൊരു ഭാഗം തലച്ചോറിലേക്കും പോകുന്നു.

ശരീരത്തിന്റെ ആരോഗ്യത്തിന് ആഹാരത്തിന് വലിയ സ്ഥാനമുണ്ട്. ആഹാരത്തിന് തലച്ചോറിനെ സ്വാധീനിക്കുവാൻ കഴിവുണ്ട് എന്നത് വളരെ ചുരുക്കം പേരെ മനസ്സിലാക്കിയിട്ടുള്ളൂ. അതുകൊണ്ട് തന്നെ മനസ്സിലും നല്ല ആഹാരം നേടേണ്ടത് നേർമാർഗ്ഗത്തിലൂടെയായിരിക്കണം; അത് ഉപയോഗിക്കുന്നത് നല്ല ചിന്തയിലൂടെയായിരിക്കണം. ഇതിലൂടെ ശരീരത്തിനും മനസ്സിനും ആരോഗ്യമുണ്ടായി തീരുന്നു. ചുരുക്കത്തിൽ നല്ല ആഹാരത്തിന് ശരീരത്തിലും മനസ്സിലും നല്ല സ്വാധീനം ചെലുത്തുവാൻ സാധിക്കുന്നു. എന്നാൽ മോശമായ ആഹാരം അഥവാ വൈകാരികാസ്വസ്ഥതയാൽ വീർപ്പുമുട്ടുന്ന സമയത്ത് കഴിക്കുന്ന ആഹാരം ശരീരത്തിനും മനസ്സിനും ഹാനി വരുത്തുന്നു. പന്നിമാംസം കൂടുതലായി ഉപയോഗിക്കപ്പെടുന്ന രാജ്യങ്ങളിൽ പോലും, പന്നി എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്, ഒരു വൃത്തികെട്ട മനുഷ്യൻ; ഒരു ക്രൂരനായ മനുഷ്യൻ; ഇന്ദ്രീയസുഗഭോഗി; അമിത ഭക്ഷണം കഴിക്കുന്നവൻ, എന്നൊക്കെയാണ്. പന്നി എന്ന വാക്ക് മോശമായതിനും തരം താണത്തിനും പകരം ഉപയോഗിക്കുന്ന വാക്കാണ്.

കാരണം, പണി ഇന്ദ്രിയ സുഖം തേടുന്നതും, പരുഷ പ്രകൃതിയുള്ളതുമാണ്. പന്നിമാംസം കഴിക്കുന്നവർ ക്രമേണ അതിന്റെ സ്വാധീന വലയത്തിൽ അകപ്പെടുകയും, അതിന്റെ അനന്തരാവകാശമായ ഇന്ദ്രീയസുഖാനുഭൂതിയിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. ഈ വാസന മനസ്സിനെ സ്വാധീനിക്കു

മ്പോൾ, പരുഷ പ്രകൃതം ഒരു സ്വാഭാവിക പ്രകൃതമായി മാറുന്നു. വിനയവും മാന്യതയും അപ്രസക്തമായ ആശയമായി മാറുന്നു. ഇന്ദ്രീയ സുഖപ്രദമായ കാര്യങ്ങളിൽ മുഴുകുന്നു, അത് വിശ്വാസ പ്രമാണമാക്കി മാറ്റു ന്നു.

ഇപ്പോൾ ഒരു ചോദ്യം ഉയർന്നു വന്നേക്കാം; ഈ പ്രാകൃതമായ സ്വഭാവ വൈശിഷ്ട്യം പന്നിമാംസ ഭോജനം സൃഷ്ടിക്കുന്നു എന്ന് നിങ്ങൾക്ക് എങ്ങനെ തെളിയിക്കുവാൻ കഴിയും ? അമേരിക്കയിലോ മറ്റിതര യൂറോപ്യൻ രാജ്യങ്ങളിലേക്കോ നിങ്ങൾ നോക്കുക. പന്നിമാംസം ഒരു സാധാരണ ആഹാരമാക്കി മാറ്റിയിട്ടു ള്ള രാജ്യങ്ങളാണ് അവ. അവരുടെ ധാർമ്മികത ഒന്നു നോക്കികാണൂ! ഏതെങ്കിലും ഒരു പത്രമെടുക്കൂ. അതിൽ നിങ്ങൾക്ക് പ്രധാന വാർത്തയായിട്ട് തന്നെ കാണാൻ സാധിക്കും. ഭാര്യമാരെയും ഭാര്യമാർ അല്ലാത്ത നിലയിൽ പുരുഷന്മാരോടൊപ്പം കഴിയുന്ന സ്ത്രീകളെയും ലൈംഗികാസ്വാദനത്തിനായി കൈമാറ്റം ചെയ്യു ന്ന പ്രവണത കാണാം, അതിനവർ പേരിട്ടിരിക്കുന്നത് സ്വിംഗിംഗ് അഥവാ ലൈഫ് സ്റ്റൈൽ എന്നാണ് ! ആധു നിക ലൈംഗികാസ്വാദന പ്രതിഭാസം ! പടിഞ്ഞാറൻ ലോകം ലൈംഗികതയിൽ അമർന്നു കിടക്കുകയാണ്! സ്വിംഗേഴ്സ് എന്ന പദം ഉപയോഗിക്കുന്നത്, വിവാഹിതരും, വിവാഹിതരല്ലാത്തവരുമായ സ്ത്രീപുരുഷന്മാർ, സംഘമായി പങ്കെടുക്കുന്ന പരിപാടിയാണ്, അൽപ്പനേര സുഖത്തിനായി ; അവർ ഭർത്താക്കന്മാർ, അല്ലെ ങ്കിൽ പങ്കാളികൾ തങ്ങളുടെ ഭാര്യമാരെ, അഥവാ പങ്കാളികളെ മറ്റുള്ളവർക്കായി പങ്കുവയ്ക്കുന്നു. നഗ്ന രായി ഒരു കിടക്കയിൽ. ഇത്തരം അറപ്പുളവാക്കുന്ന വാർത്തകൾ ധാരാളമായി കാണാവുന്നതാണ്. ഒരു വെള്ളിയാഴ്ച ഖുത്തുബയിലൂടെ ഇത്തരം കാര്യങ്ങളുടെ വിശദാംശങ്ങളിലേക്ക് പോകുന്നതിന് ബുദ്ധിമു ട്ടുണ്ട്.

ഈ വാർത്തകൾ ഞെട്ടലുളവാക്കേണ്ടതാണ്! ഞാൻ ഇതിനെ കഠിനഭാഷയിൽ അപലപിക്കുന്നു. ഇത്തരം പ്രവർത്തികൾ ചെയ്യാൻ അനുവദിക്കുന്ന സമൂഹം എങ്ങോട്ടാണ് പൊയ്ക്കോണ്ടിരിക്കുന്നത് ? എന്നാൽ പന്നിമാംസാഹാരവുമായി ഇതിനെന്താണ് ബന്ധം ?

നമുക്ക് ഈ ലോകത്തെ രണ്ട് മേഖലകളായി തിരിക്കാം. 1. പന്നിമാംസാഹാരം കഴിക്കുന്നവർ 2. പന്നിമാംസാഹാരം കഴിക്കാത്തവർ. മുകളിൽ പറയപ്പെട്ട, ലജ്ജയില്ലാത്ത പ്രവർത്തനങ്ങൾ അധികരിച്ചിരി ക്കുന്നത് ഏത് മേഖലയിലാണ് ? പന്നിമാംസാഹരമുപയോഗിക്കുന്ന മേഖലയിൽ, അതായത് യൂറോപ്പിലും അമേരിക്കയിലും. അതേ യൂറോപ്പിലും അമേരിക്കയിലും ഇത്തരം ഭോഗാസക്തമായ പ്രവർത്തികൾ ചെയ്യു ന്നതിന് അനുവാദം നൽകപ്പെട്ടിരിക്കുന്നു. പന്നിമാംസം ഉപയോഗിക്കാത്ത മേഖലയിൽ ഇത്തരം തന്നിഷ്ടപ്ര കാരമുള്ള പ്രവർത്തികൾക്ക് അനുവാദം നൽകുന്നില്ലായെന്നത് പ്രസ്താവ്യമാണ്. ഈ രണ്ട് മേഖലകൾക്കി ടയിൽ വളരെ വലിയ അന്തരങ്ങളുണ്ട്. ഇസ്ലാമിക രാജ്യങ്ങളിൽ ഒരു സ്ത്രീ തന്റെ ഭർത്താവിനോട് കൂറു പുലർത്താതെ തന്നിഷ്ടപ്രകാരമുള്ള പ്രവർത്തി ചെയ്താൽ, അവളെ ഒരു മോശപ്രവർത്തി ചെയ്യുന്നവളായും അവളെ മാതാപിതാക്കൾക്കോ, അയൽവാസികൾക്കോ, സ്നേഹിതർക്കോ പോലും ആവശ്യമില്ല എന്ന നില പാടായിരിക്കും സ്വീകരിക്കുക. എന്നാൽ പന്നിമാംസാഹാരം ഉപയോഗിക്കുന്ന രാജ്യത്ത് ഇത്തരം ഒരു പ്രവർത്തി ഒരു സ്ത്രീ ചെയ്താൽ, അതൊരു തെറ്റായേ കാണുന്നില്ല ! അപമാനമായും കാണുന്നില്ല! കാരണം സമൂഹം അതിനെ ഒരു പുരോഗമന കലയായി പിൻതാങ്ങുന്നു.

ചില സ്ത്രീകൾ, അവരുടെ വസ്ത്രങ്ങൾ പൂർണ്ണമായും നീക്കം ചെയ്യുകയും, സ്റ്റേജുകളിൽ നഗ്ന രായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. അവരെ അതിന് കലാകാരികൾ എന്നാണ് നാമകരണം ചെയ്തിരിക്കു ന്നത്. ഇതാണ് പ്രശ്നത്തിന്റെ പ്രയാസമേറിയ ഘട്ടം. പന്നിമാംസം ഭോജ്യമാക്കിയിട്ടുള്ള രാജ്യങ്ങളിൽ, പരുഷ മായ പെരുമാറ്റവും, ഭാര്യഭർതൃ വിശ്വാസമില്ലായ്മയും, ലൈംഗികതയുടെ പരസ്യ പ്രകടനവും, കല എന്ന

പേരിൽ വാഴ്ത്തപ്പെടുന്നു. അവിടങ്ങളിലെ സാമൂഹ്യ ശാസ്ത്രജ്ഞരും, ഡോക്ടർമാരും, മനഃശാസ്ത്രജ്ഞരും വ്യഭിചാരത്തെയും മറ്റു ലൈംഗികതയേയും ആദരവോടെ നോക്കി കാണുമ്പോൾ, ജീവശാസ്ത്രപരമായ ആവശ്യമായി ചിന്തിക്കുമ്പോൾ, കാര്യങ്ങൾ അവിടെ നീതീകരിക്കപ്പെടുന്നു. അവരെ സംബന്ധിച്ചിടത്തോളം മനുഷ്യൻ എന്നത് മറ്റേതൊരു മൃഗത്തേയും പോലുള്ള ഒരു മൃഗം മാത്രമാണ്. ഈ ക്രൂര വീക്ഷണത്തെയാണ് ഞാൻ പരാമർശിച്ചത്. ഇത് പന്നിമാംസ ഉപഭോഗം തുടരുന്ന സമൂഹങ്ങളിലെ പ്രത്യേകതയാണെന്ന് ! ഇതിൽ കൂടുതൽ എന്ത് തെളിവാണ് നിങ്ങൾക്ക് വേണ്ടത് ? ഈ സമൂഹങ്ങൾ മനുഷ്യനെ വന്യമൃഗങ്ങളുടെ നിലവാരത്തിലേക്ക് തരം താഴ്ത്തുകയാണ്. പന്നിമാംസം മനുഷ്യനെ പന്നിയാക്കി മാറ്റുന്നു.

ലോക വ്യക്തിത്വങ്ങളെ വേർതിരിക്കുന്നതിന് അവർ തങ്ങളുടെ രാജ്യത്തിന് നൽകിയ സംഭാവനകളെ മാത്രം പരിഗണിച്ചാൽ പോരാ, അവിടെയുള്ള ഓരോ വ്യക്തിയുടെയും നിലവാരവും മാനവമൂല്യങ്ങൾക്ക് അവർ കൽപ്പിക്കുന്ന സ്ഥാനവും, മാനവസമൂഹ ഉയർച്ചയ്ക്ക് അവർ നൽകിയ സംഭാവനകളും കണക്കിലെടുക്കേണ്ടതുണ്ട്. ഈ മത്സരത്തിൽ എല്ലാ പുരുഷന്മാരെയും സ്ത്രീകളെയും ലോക നെറുകയിൽ ശക്തരാക്കി തീർക്കുവാൻ ആർക്കാണ് വാതിലുകൾ തുറന്നിടുവാൻ കഴിയുന്നത് ? ആ സ്ഥാനാർത്ഥി തീർച്ചയായും താഴെ പറയുന്ന നിബന്ധനകൾ പൂർത്തിയാക്കേണ്ടതുണ്ട്. സമാധാനപൂർണ്ണമായ, ധാർമ്മിക മതമൂല്യങ്ങൾ അവതരിപ്പിക്കുകയും, അതിന്റെ പരിപൂർണ്ണത തന്നിലെ ജീവിതത്തിലൂടെ കാണിക്കുവാനും കഴിയേണ്ടതാണ് ! ബൗദ്ധിക മഹത്വത്താൽ അലങ്കൃതനും, മാനവ സമൂഹത്തോട് അനിതര സാധാരണമായ സ്നേഹ വായ്പ് പുലർത്തുന്നവനുമായിരിക്കണം. എല്ലാവരാലും അംഗീകരിക്കപ്പെടുന്ന ഒരു നേതൃമുഖം അവനുണ്ടായിരിക്കണം. അവൻ ക്ഷമാലുവായിരിക്കണം; മറ്റുള്ളവരെ ശ്രദ്ധിക്കുന്നവനും അവരുടെ കാര്യത്തിൽ തൽപ്പരനുമായിരിക്കണം! ആവശ്യമെങ്കിൽ ഒറ്റയ്ക്ക് ശത്രുവിനെ നേരിടുവാൻ കഴിവുറ്റവനായാരിക്കണം. തന്റെ അനുചരന്മാരെ സംരക്ഷിക്കുന്നവനായിരിക്കണം. അവരുടെ ദൗർബല്യങ്ങൾ മനസ്സിലാക്കുന്നവനായിരിക്കണം. തന്റെ ആളുകളോടും വിദേശികളോടും നന്മയിലധിഷ്ഠിതമായ നല്ല സമീപനം സ്വീകരിക്കുന്നതിനുള്ള കാഴ്ചപ്പാട് ഉണ്ടായിരിക്കണം. സഹിഷ്ണുതയുള്ളവനായിരിക്കണം, ദയാലുവായിരിക്കണം, മറ്റുള്ളവരുടെ ഭാരം ചുമക്കുവാൻ കഴിവുറ്റവനായിരിക്കണം. ബുദ്ധിമാനായിരിക്കണം, മനുഷ്യ സമുദായത്തോട് പിതൃ മാതൃസ്നേഹത്തോടെ പെരുമാറുന്നവനായിരിക്കണം. ശാരീരിക ശേഷിയുള്ള ഒരു യഥാർത്ഥ മനുഷ്യനായിരിക്കണം, തന്റെ കുടുംബത്തിന് ആവശ്യമായ സാധനസാമഗ്രികൾ ഉണ്ടായിരിക്കണം. ഉറപ്പോടെയും ധൈര്യത്തോടെയും നയിക്കുവാനുള്ള കഴിവ് ഉണ്ടായിരിക്കണം. അവശരോടും കുട്ടികളോടും ദയാവായ്പുണ്ടായിരിക്കണം. മൃഗങ്ങളോടുപോലും നീതിപൂർവ്വവും സൗമ്യതയോടും പെരുമാറണം. എല്ലാത്തിനുപരിയായി മനുഷ്യരെ അവരുടെ വസ്തുവകകൾ തട്ടിയെടുത്ത് ഉപദ്രവിക്കരുത്, പുഞ്ചിരിയാലും നന്മയാലും തിളങ്ങണം. തന്റെ കുടുംബാംഗങ്ങളെ വധിച്ചവരോടു പോലും മാപ്പ് ചെയ്യുന്നവനായിരിക്കണം, വിഷം കൊടുത്ത് കൊല്ലാൻ ശ്രമിച്ചവരോടും ! രക്തച്ചൊരിച്ചിൽ ഇല്ലാതെ പ്രശ്നങ്ങളെ അധിജീവിക്കാൻ കഴിയുന്നവനായിരിക്കണം. അനാവശ്യമായി ശക്തിപ്രകടനം നടത്തുന്നവനായിരിക്കരുത്. കള്ളം പറയുന്നവനായിരിക്കരുത്. ഒരു സാഹചര്യത്തിലും ! വിശ്വസ്തനായിരിക്കണം ! സൗമ്യമായ ഇടപെടലിലൂടെ തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നവനായിരിക്കണം. മാത്രമല്ല ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനായിരിക്കണം, അവൻ മാനവകുലോത്തമനുമായിരിക്കണം.

ഈ ഗുണഗണങ്ങളെല്ലാം ഒരാളിൽ സമ്മേളിച്ച മാനവകുലോത്തമൻ മുഹമ്മദ് (സ) അല്ലാതെ മറ്റൊരാളെയും ചരിത്രത്തിൽ കണ്ടെത്തുവാൻ കഴിയുകയില്ല. അദ്ദേഹത്തിന്റെ പരിശുദ്ധ പ്രകൃതിയും അദ്ദേഹത്തിന്റെ മുൻഗാമികളുടെ പവിത്രതയും പരിശോധിക്കുക ! തന്റെ മാതാപിതാക്കളല്ലാ അദ്ദേഹത്തെ അപ്രകാരമാക്കിയത്! ഇത് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതായിരുന്നു. പ്രവാചക പ്രഭു മുഹമ്മദ് (സ) പറഞ്ഞു. **"ഇസ്മായിൽ**

**സന്തതികളിൽ നിന്ന് അല്ലാഹു (ത) കിനാനയെ തെരഞ്ഞെടുത്തു; അതിന് ശേഷം ഖുറൈഷ്യകളെ, ഒടുവിൽ ബനൂഹാഷിമിൽ നിന്നും എന്നെ തെരഞ്ഞെടുത്തു.'' (മുസ്‌ലീം)**

ഗവേഷകരുടെ കണ്ടെത്തലുകൾ അനുസരിച്ച്, അദ്ദേഹത്തിന്റെ മുൻഗാമികളുടെ പേര് വിവരങ്ങൾ ഇപ്രകാരമാണ്. മുഹമ്മദ്, അല്ലാഹുവിന്റെ ദൂതൻ, അബ്ദുല്ലായുടെ മകനാണ്; അബ്ദുല്ലാ അബ്ദുൽ മുത്വ ലിബിന്റെ മകനാണ്, അബ്ദുൽ മുത്വലിബ് ഹാഷിമിന്റെ മകനാണ്; ഹാഷിമ് ഖുസയ്യ്ന്റെ മകനാണ്; ഖുസയ്യ് കിലാബിന്റെ മകനാണ്; കിലാബ് മുർറയുടെ മകനാണ്; മുർറ കഅ്ബിന്റെ മകനാണ്; കഅ്ബ് ലുഅയ്യയുടെ മകനാണ്; ലുഅയ്യ പ്രവാചകൻ ഇസ്മായീലിലേക്കും, പ്രവാചകൻ ഇസ്മായീൽ പ്രവാചകൻ ഇബ്രാഹീമി ലേക്കും എത്തുന്നു. പ്രവാചകൻ, മുഹമ്മദ് (സ) യുടെ മുൻഗാമികൾ മുഴുവൻ വ്യഭിചാര ബന്ധത്തിൽ നിന്നും മുക്തരും, വിവാഹ ബന്ധത്തിൽ ഏർപ്പെടാൻ അനുവാദമില്ലാത്തവരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെ ട്ടവരോ ആയിരുന്നില്ല. പ്രവാചകൻ മുഹമ്മദ് (സ) യുടെ പിതാവ് അബ്ദുല്ലാഹ് തന്റെ പരിശുദ്ധതയിലും ധാർമ്മികതയിലും പ്രശസ്തനായിരുന്നു. വ്യാപാരാർത്ഥം മദീനയിലേക്ക് പോയ അദ്ദേഹം വഴിമദ്ധ്യേ മരണ പ്പെടുകയുണ്ടായി; അപ്പോൾ തന്റെ ഭാര്യ ഗർഭിണിയായിരുന്നു. ഇതാണ് ഖുറൈഷ്, കാലാവസാനം വരേക്കും അവരുടെ കുലീനത നിലനിൽക്കുന്നതാണ്. പ്രവാചകൻ (സ) ഇത് സംബന്ധമായി പറഞ്ഞു **'' സത്യമാർഗ്ഗ ദർശനം ഖുറൈഷികളിൽ നിലനിൽക്കുന്നതാണ്; അവരിൽ രണ്ട് പേർ മാത്രമേ അവശേഷിക്കുന്നുള്ളൂവെങ്കിലും ശരി.'' (ബുഖാരി)**

മുസ്‌ലീം റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ പറയുന്നു. പ്രവാചകർ (സ) പറഞ്ഞു. **''വിധിനാളിൽ ആദം സന്തതികളിലെ പ്രധാനി ഞാനായിരിക്കും. തന്റെ കുഴിമാടത്തിൽ നിന്നും ആദ്യം പുറത്തുവരുന്നതും ഞാനായാരിക്കും. മാധ്യസ്ഥം വഹിക്കുന്ന ഒന്നാമത്തെയാളും ഞാനായിരിക്കും. മാധ്യസ്ഥം വഹിക്കുന്ന ആളിന്റെ മാധ്യസ്ഥം ഒന്നാമതായി സ്വീകരിക്കപ്പെടുന്നത് എന്റെ മാധ്യസ്ഥമായിരിക്കും''**

ഹസ്രത് ജാബിർ (റ) പ്രവാചകർ(സ)യുടെ ശാരീരിക ഘടനയെക്കുറിച്ച് ഇപ്രകാരം റിപ്പോർട്ട് ചെയ്യു ന്നു. **'' പ്രവാചകർ (സ) യുടെ ഉയരം മധ്യനിലവാരത്തിലായിരുന്നു; നീണ്ട ചുമലുകളായിരുന്നു; ചെവിയുടെ അടിഭാഗം വരെ നീണ്ടുകിടക്കുന്ന മുടിയായിരുന്നു. അദ്ദേഹത്തെ പോലെ സുന്ദരനായി മറ്റാരെയും ഞാൻ കണ്ടിട്ടില്ല.'' (ശാമയിൻ)**

തന്റെ മകളെ കൊന്നവനുപോലും മാപ്കൊടുക്കത്തക്ക നിലയിലുള്ള സഹനത പ്രകടിപ്പിച്ച പ്രവാ ചകനായിരുന്നു. തന്റെ പിതൃവ്യനായ ഹംസ (റ) നെ വധിച്ച വഹ്ഷിക്കും മാപ്പു നൽകിയ പ്രവാചകൻ. മക്ക ക്കാർ അദ്ദേഹത്തെ ബഹിഷ്ക്കരിക്കുകയും, കൊല്ലാൻ തീരുമാനിക്കുകയും ചെയ്തിട്ടും, മക്കാ ആക്രമണ ദിനത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു. **''നിങ്ങൾ സ്വതന്ത്രരാണ്; ഇന്നേ ദിവസം നിങ്ങളുടെ മേൽ ഒരു പ്രതികാര നട പടിയും ഉണ്ടായിരിക്കുകയില്ല.''** പ്രവാചകന്റെ വ്യക്തിത്വം അത്രത്തോളം സമ്പൂർണ്ണമായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു **''നീ മഹത്തായ ധാർമ്മിക ഗുണങ്ങൾ ഉള്ളവൻ തന്നെയാണ്.'' (68:5)**

ഉഹ്ദ്‌യുദ്ധവേളയിൽ പ്രവാചകൻ (സ) ശത്രുക്കളുടെ കെണിയിലകപ്പെടുകയും പരിക്കേൽക്കുക യുമുണ്ടായി. അതിനോട് അദ്ദേഹം പ്രതികരിച്ചത് ഇപ്രകാരമായിരുന്നു. **''യാ അല്ലാഹ് ! എന്റെ ജനങ്ങൾക്ക് നീ പൊറുത്തു കൊടുക്കേണമേ; എന്തെന്നാൽ അവർക്ക് ഞാൻ ഒരു പ്രവാചകനാണെന്ന് അറിയില്ല.''** (തബ്റാനി)

മക്കൻ ജനതയ്ക്ക്പോലും അദ്ദേഹത്തിന്റെ വിശ്വാസ്യതയിൽ അൽപംപോലും സംശയമില്ലായിരുന്നു. പലായനദിവസം, തന്റെ സ്ഥാനത്ത് അലി (റ) നെ നിർത്തുകയും തന്റെ അധീനതയിലുണ്ടായിരുന്ന സാധന ങ്ങൾ ബന്ധപ്പെട്ടവർക്ക് ഏൽപിക്കുവാൻ ചുമതലപ്പെടുത്തുകയുമുണ്ടായി. (റൂഹുൽ മആനി) ചുരുക്ക ത്തിൽ എല്ലാ വിധ നല്ല ഗുണങ്ങളും അദ്ദേഹത്തിൽ പ്രകടമായിരുന്നു.

ലാമർടയ്ൻ പ്രസ്താവന ഞാൻ ഉദ്ധരിക്കുന്നു. **"ലക്ഷ്യത്തിന്റെ ഔന്നത്യവും, മാർഗ്ഗത്തിന്റെ ലാളിത്യ വും, അത്ഭുതാവഹമായ അനന്തരഫലങ്ങളും മനുഷ്യ കഴിവിന്റെ മൂന്നു അളവുകോലുകളായി സ്വീകരിച്ചാൽ മുഹമ്മദിനോട് ഉപമിക്കുവാൻ ഒരാളെ ചരിത്രത്തിൽ കണ്ടെത്തുവാൻ ആർക്കു കഴിയും ? ഈ മനുഷ്യൻ സൈന്യ ത്തോടൊപ്പം നീങ്ങി; നിയമനിർമ്മാണങ്ങൾ നടത്തി; രാഷ്ട്രങ്ങൾ പടുത്തുയർത്തി, ജനതയെ കീഴടക്കി, ഭരണാ ധികാരികളുടെ ശൃംഖലകൾ സൃഷ്ടിച്ചു, അന്ന് ഭൂമുഖത്തുണ്ടായിരുന്ന മൂന്നിലൊന്നോളം വരുന്ന ലക്ഷ കണ ക്കിന് ജനങ്ങളെ സ്വാധീനിച്ചു, ക്രിസ്ത്യൻ അൾത്താരകൾക്കുപരിയായി, മനുഷ്യ ദൈവങ്ങൾക്കുപരിയായി, മത ങ്ങളിലൂടെ, ആശയങ്ങളിലൂടെ, വിശ്വാസങ്ങളിലൂടെ, ആത്മാവുകളിലേക്ക് ............ (ടർക്കി ചരിത്രം, വാള്യം 11) "**

മാനവകുലത്തിന് അനുഗ്രഹമായി അല്ലാഹു (ത) അദ്ദേഹത്തെ നിയോഗിച്ചു; തന്റെ അനുചരന്മാർക്ക് സന്മാർഗ്ഗ ദീപസ്തംഭമായും !

**"നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരു ഉത്തമമാതൃകയുണ്ട്. അതായത് അല്ലാഹു വിനെയും അന്ത്യനാളിനേയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്" (33:22)**

അല്ലാഹു (ത) ഒരു പരിപൂർണ്ണ വഴികാട്ടിയെ നമുക്കായി നിയോഗിച്ചു. ഏത് സന്ദർഭങ്ങളിലായാലും ശരി നാം എങ്ങനെ പെരുമാറാണമെന്ന് പഠിപ്പിച്ചു. അവൻ പരിശുദ്ധമായ ഒരു ഗ്രന്ഥവും നമുക്ക് നൽകി. ലോകത്തിലെ സമസ്ത മതങ്ങളിലുമുള്ള സമസ്ത പ്രവാചകൻമാരുടെയും യഥാർത്ഥ അധ്യാപനങ്ങൾ അതിൽ ഉൾക്കൊള്ളുന്നു. മാനവന് ആരോഗ്യപൂർണ്ണമായ ശരീരവും, മനസ്സും, ആത്മാവും കാത്തുസൂക്ഷിക്കുവാനു ള്ള വഴികൾ അതിലൂടെ തുറക്കപ്പെട്ടിരിക്കുന്നു. എല്ലാ മതങ്ങളിലുമുള്ള മനുഷ്യരായ നമ്മുടെ ചുമതലയാ ണ്, അതിലെ കൽപ്പനകൾ അനുസരിച്ച് പ്രവർത്തിക്കുക എന്നതും, അങ്ങനെ ധാർമ്മികവും ആത്മീയവു മായ ഒരു സമുദായം പടുത്തുയർത്തുക എന്നതും, കാലത്തിനും ആചാരങ്ങൾക്കുമതീതമായ നിലയിൽ ! ഇൻശാഅല്ലാഹ് ആമീൻ !


**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**R. Jamaludin Raother**


*****************